തൊഴിലില്ലായ്മാ വേതനം ലഭിക്കുന്ന ഹരിജനങ്ങൾ

77. [1859] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1-1-1996-ലെ കണക്ക് പ്രകാരം സംസ്ഥാനത്ത് തൊഴിലില്ലായ്മാ വേതനം ലഭിക്കുന്ന ഹരിജനങ്ങളെത്രയുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) തൊഴിൽ കിട്ടിയതുമൂലം 1995-ൽ എത്ര പേർക്ക് തൊഴിലില്ലായ്മാ വേതനം നിർത്തൽ ചെയ്തു ?

ഉത്തരം

(എ) തൊഴിലില്ലായ്മാ വേതനം വിതരണം ചെയ്യുമ്പോൾ സമുദായം തിരിച്ചുള്ള കണക്കുകൾ സൂക്ഷിക്കാറില്ല.

(ബി) വിവരം ശേഖരിച്ച് സമർപ്പിക്കുന്നതാണ്.

കോഴിക്കോട്-പാലക്കാട് ബൈപാസ് റോഡിന്റെ പണി

78. [1872] ശ്രീ. സി. എം. സുന്ദരം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട്-പാലക്കാട് ബൈപാസ് റോഡിന്റെ രണ്ടാംഘട്ടം പണി തുടങ്ങാൻ ഉത്തരവ് നൽകിയിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ സർക്കാർ എന്തെല്ലാം നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ;

(സി) പ്രത്യേക അനുമതി നൽകാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ, ബി) ഉണ്ട്. പ്രസ്തുത പണിക്കാവശ്യമായ ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ ഇതിന്റെ രണ്ടാംഘട്ടത്തിന് പ്രത്യേകാനുമതിയും നൽകിയിട്ടുണ്ട്.

(സി) പ്രത്യേകാനുമതി നൽകിയിട്ടുണ്ട്.

കണ്ണനല്ലൂർ റോഡിൽ പുന്തലത്താഴം മംഗലത്ത് ക്ഷേത്രത്തിന് സമീപമുള്ള വെള്ളക്കെട്ട് ഒഴിവാക്കാൻ നടപടി

79. [1891] ശ്രീ. എ. യൂനസ് കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം-കണ്ണനല്ലൂർ റോഡിൽ പുന്തലത്താഴം മംഗലത്ത് ക്ഷേത്രത്തിന് സമീപമുള്ള റോഡിലെ വെള്ളക്കെട്ട് ഒഴിവാക്കാൻ ഓട കെട്ടുന്ന ജോലി ടെണ്ടർ ചെയ്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ അടങ്കൽ തുക എത്ര ;

(ബി) പണി തുടങ്ങുന്നതിനുള്ള കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. അടങ്കൽ തുക 3.79 ലക്ഷം രൂപ.

(ബി) പണി ആരംഭിച്ചുകഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly